## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.283 | 27.02.2017 ൽ മറുപടിക്ക്

**പാറശ്ശാല താലൂക്ക് ആശുപത്രിയെ മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി**

| ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മികച്ച പശ്ചാത്തല, ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്ന ആശുപത്രികൾക്ക് കേന്ദ്രസർക്കാർ നൽകുന്ന "കായകൽപ്പ" അവാർഡ് നേടിയ പാറശ്ശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ അപര്യാപ്തത ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനത്തിന് ആവശ്യമായ പ്രൊപ്പോസലുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്നമുറയ്ക്ക് നടപടിയെടുക്കുന്നതാണ്. |
| (ബി) | വിവിധ വിഭാഗങ്ങൾ പുതുതായി ആരംഭിച്ചും അടിസ്ഥാന, പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ചും പാറശ്ശാല താലൂക്ക് ആശുപത്രിയെ ഒരു മാതൃകാ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്ത് താലൂക്ക് ആശുപത്രി തലത്തിലുള്ള ആശുപത്രികളിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ ടി സ്ഥാപനത്തിൽ ലഭ്യമാണ്. ടി സ്ഥാപനത്തിന് 6 ഏക്കർ വസ്തുവും വിവിധ സ്ഥാപനങ്ങളിലായി 15 ലധികം കെട്ടിടങ്ങളും, ക്യാന്റീനും, കുട്ടികളുടെ വാർഡ്, സർജിക്കൽ വാർഡ്, ലേബർ റൂം, പേ വാർഡ് എന്നിവിടങ്ങളിലായി 219 ബെഡ് സൗകര്യവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ